പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5819. 03.11.2016 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളുടെ പ്രവർത്തനം മെച്ച പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ഐ.ടി.ഐ. കളുടെ നവീകരണത്തിനായി നടപ്പുവർഷം 57.61 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും 43.87 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച തുകയ്ക്കുള്ള സംഭരണ/നിർമ്മാണ പ്രവർത്ത നങ്ങൾക്ക് ടെൻഡർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>10 ഐ.ടി.ഐ. കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചു.<br><br>2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 10 ഐ.ടി.ഐ.കൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി 50 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വകയിരുത്തിയിരുന്നു. ഈ പദ്ധതി കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ചർ & ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) വഴി നടപ്പിലാക്കുന്നതിന് KIIFB യുടെ വെബ്സൈറ്റിൽ പ്രോജക്ട് വിവരങ്ങൾ അപ് ലോഡ് ചെയ്തിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് എത്ര സർക്കാർ ഐ.ടി.ഐ.കൾ ഉണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; | (ബി) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ 82 സർക്കാർ ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു. |

| നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 7 |
| 2 | കൊല്ലം | 6 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 6 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 6 |
| 8 | തൃശ്ശൂർ | 7 |
| 9 | പാലക്കാട് | 8 |
| 10 | മലപ്പുറം | 6 |
| 11 | കോഴിക്കോട് | 10 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 7 |
| 14 | കാസർഗോഡ് | 6 |
| | **ആകെ** | **82 എണ്ണം** |

(സി) 1.1.2011 മുതൽ 31.3.2016 വരെ പാലക്കാട് ജില്ലയിൽ എത്ര സർക്കാർ ഐ.ടി.ഐ.കൾ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) 01.01.2011 മുതൽ 31.03.2016 വരെ, പാലക്കാട് ജില്ലയിൽ രണ്ട് ഐ.ടി.ഐ.കൾ അനുവദിച്ചിട്ടുണ്ട്.

1. ഐ.ടി.ഐ. കൊഴിഞ്ഞാമ്പാറ
2. ലഫ്. കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവ. ഐ.ടി.ഐ. എലപ്പുള്ളി ശ്ശേരി.

(ഡി) ഏതെല്ലാം ഐ.ടി.ഐ കളിൽ തസ്തികകൾ അനുവദിച്ചു എന്നും വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

(ഡി) പാലക്കാട് ജില്ലയിൽ പുതുതായി അനുവദിച്ച കൊഴിഞ്ഞാമ്പാറ, ലഫ്: കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവ. ഐ.ടി.ഐ. എലപ്പുള്ളി ശ്ശേരി എന്നീ സ്ഥാപനങ്ങളിൽ തസ്തികകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

Bindu

സെക്ഷൻ ഓഫീസർ